സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി

92 (6543) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ഏതെല്ലാം സഹകരണ സംഘങ്ങളെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളടക്കമുള്ള സഹകരണ സംഘങ്ങൾക്ക് അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണത്തിന് ധനസഹായം നൽകിവരുന്നുണ്ട്. സ്കൂൾ/സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം ഉൾപ്പെടെയുള്ള സാഹിത്യ സംഘങ്ങളുടെയും പട്ടിക ജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണത്തിന് നിലവിൽ സംസ്ഥാന പദ്ധതിയിൻകീഴിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും വിപണന സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും എൻ. സി. ഡി. സി. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നുണ്ട്.

(ബി) സംഘം പുനരുദ്ധാരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന്റെ സ്വീകാര്യത, പ്രതീക്ഷിക്കുന്ന വരുമാനം, പദ്ധതി നടപ്പിലാക്കുന്നതിന് സംഘത്തിനുള്ള കഴിവ്, സംഘത്തിന്റെ വിനിമയം വഹിക്കുന്നതിനുള്ള കഴിവ്, പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഉണ്ടായിരിക്കുക, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കുക, ആഡിറ്റ് കാലാനുസൃതമായിരിക്കുകയും യഥാസമയം പൊതുയോഗം കൂടുകയും ചെയ്യുക എന്നിവയാണ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ.

(സി) 2013-14 വാർഷിക പദ്ധതിപ്രകാരം വയനാട് ജില്ലയിലെ തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4031, തൃക്കൈപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 7602 എന്നീ 2 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും കൂടാതെ വയനാട് എസ്.സി./എസ്.റ്റി. കൺസ്ട്രക്ഷൻ സഹകരണ സംഘം ലി.നമ്പർ W 52 (CONCOS)-നും പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നോർത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ&അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി ലി. നമ്പർ സി. 384-ന് 2013-14-ലെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിച്ച ധനസഹായം നൽകാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ 2014-15 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

93 (6544) ശ്രീ. അബ്ദുറഹിമാൻ .രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് കെട്ടിടം പണിക്കായി 10 ലക്ഷം രൂപവരെ സബ്സിഡിയിനത്തിൽ ധനസഹായം നൽകിവരുന്നു. ഇതിനുപുറമെ പ്രോജക്ടുകളുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് ആശുപത്രി, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ തുടങ്ങിയ വിവിധങ്ങളായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. മുഖേനയും ധനസഹായം നൽകിവരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) സംസ്ഥാന പദ്ധതിപ്രകാരം ഒരു ആശുപത്രി സംഘത്തിനും എൻ.സി.ഡി.സി. പദ്ധതിപ്രകാരം 10 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിട പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 48 സംഘങ്ങൾക്കും 2013-14 വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്.

സഹകരണ ഓഡിറ്റ് സമകാലികമാക്കാനുള്ള നടപടികൾ

94 (6545) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ആഡിറ്റ് വകുപ്പ് എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly